II ഇ.ബി. XIV - കേരള നിയമസഭ/XV-18

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂലൈ 04, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ കെ.എസ്.യു. പ്രവർത്തകരുടെ സെക്രട്ടേറിയറ്റ് മാർച്ചിനുനേരെയുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ പ്രതിഷേധിച്ച് പ്ലക്കാർഡുകളും ബാനറും പിടിച്ചുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

53(*541) റവന്യൂ റിക്കവറി സംവിധാനത്തിലെ പരിഷ്കാരങ്ങൾ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, റവന്യൂ റിക്കവറി നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 01-01-2017 മുതൽ സംസ്ഥാനവ്യാപകമായി ആർ.ആർ. ഓൺലൈൻ

നടപ്പിലാക്കിയിട്ടുണ്ടെന്നും rr.kerala.gov.in എന്ന വെബ്സൈറ്റിലൂടെ അർത്ഥനാധികാരികൾക്കും കുടിശ്ശികക്കാരനും സ്റ്റാറ്റസ് വീക്ഷിക്കാവുന്നതാണെന്നും സഭയെ അറിയിച്ചു. റവന്യൂ റിക്കവറി തുക സ്വീകരിക്കുന്നതിനായി ReLIS e-payment സംവിധാനം ആർ.ആർ. ഓൺലൈൻ പോർട്ടലിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ e-POS Machine-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 21-06-2019-ന് നിർവ്വഹിച്ചുവെന്നും ഇതിലൂടെ സൗകര്യപ്രദമായി തുക അടവാക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 17-01-2017-ലെ ഉത്തരവുപ്രകാരം റവന്യൂ റിക്കവറി തവണ തുകയുടെ പരിധി ഉയർത്തുകയും റവന്യൂ വകുപ്പുമന്ത്രി, ജില്ലാകളക്ടർ, തഹസീൽദാർ എന്നിവർക്ക് ഗഡുക്കൾ അനുവദിക്കാമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 25,000/- രൂപ വരെയുള്ള കുടിശ്ശികയ്ക്ക് പരമാവധി 10 ഗഡുക്കൾ തഹസീൽദാർക്ക് അനുവദിക്കാവുന്നതാണെന്നും തവണതുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആർ.ആർ. നടപടികൾ തുടരുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം അർഹരായവരുടെ ലോണുകളിന്മേലുള്ള ആർ.ആർ. നടപടികൾ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കാൻ നിർദ്ദേശിക്കുകയും എൻ.ഐ.സി. മുഖാന്തരം ഓൺലൈൻ സോഫ്റ്റ്വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൂനികുതി, റവന്യൂ

റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും മാസംതോറും അവലോകനം നടത്തുകയും ചെയ്യുന്നുണ്ടെന്നും കോടതികളിൽ നിലനിൽക്കുന്ന സ്റ്റേ റദ്ദാക്കുന്നത് സംബന്ധിച്ച് പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആർ.ആർ. നടപടികൾ കാര്യക്ഷമമാക്കുന്നതിനായി റവന്യൂ റിക്കവറി ആക്ട് ഭേദഗതി വരുത്തണമെന്ന ശിപാർശയിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജപ്തി നോട്ടീസ് അയച്ചുകൊണ്ട് ഭൂമിയുടെ കരം സ്വീകരിക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും നിശ്ചിത സമയത്തിനകം കുടിശ്ശികതുക അടയ്ക്കുകയാണെങ്കിൽ bought-in-land ആയി നിക്ഷിപ്തമാക്കുന്ന ഭൂമി ഉടമസ്ഥന് തിരിച്ചുനൽകാൻ വ്യവസ്ഥയുണ്ടെന്നും മൊറട്ടോറിയം ബാധകമായിട്ടുള്ളവർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയിരം ചതുരശ്ര അടിക്കുതാഴെ വിസ്തീർണ്ണമുള്ള വീടുകൾ സർഫാസി ആക്ട് പ്രകാരം ജപ്തി ചെയ്യാൻ പാടില്ലെന്ന് നിയമസഭ പാസ്സാക്കിയ പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും സഹകരണ മേഖലയെ ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും 11 അംഗ അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികളെക്കുറിച്ച് ആലോചിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

54(*542) <u>സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കാൻ നടപടി</u>

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനായി പാഠപുസ്തകങ്ങൾ 3 വാല്യങ്ങളാക്കി അച്ചടിച്ച് നൽകുന്നുണ്ടെന്നും വാട്ടർ ബോട്ടിൽ ഒഴിവാക്കുന്നതിനായി തിളപ്പിച്ചാറ്റിയ വെള്ളം സ്കൂളുകളിൽത്തന്നെ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പേജുകൾ കുറഞ്ഞ ചെറിയ നോട്ടുബുക്കുകൾ ഉപയോഗിക്കുന്നതിനുള്ള ബോധവത്കരണവും നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ ശിശുകേന്ദ്രീകൃത വിദ്യാഭ്യാസരീതിയിലൂടെ അത്യന്താധുനിക ടെക്നോളജി ഉപയോഗിച്ചുള്ള അദ്ധ്യാപനരീതി പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും പരീക്ഷാ സമ്പ്രദായത്തിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

55(*543) <u>ദേശീയപാത നിർമ്മാണത്തിന് പുതിയ കേന്ദ്രനിർദ്ദേശങ്ങൾ</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ദേശീയപാത അതോറിറ്റി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ കാസർഗോഡ് ജില്ലയിലേതൊഴികെയുള്ള ദേശീയപാതകളുടെ വികസനം high

priority -2 ലേയ്ക്ക് തരംതാഴ്ത്തുകയും 3D വിജ്ഞാപനങ്ങൾ, 3G അവാർഡുകൾ, നഷ്ടപരിഹാരത്തുക വിതരണം ചെയ്യൽ/കെട്ടിവയ്ക്കൽ എന്നിവയുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും നിർത്തിവയ്ക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ തുടരുന്നതിൽ തടസ്സമില്ലെന്നും സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കി സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് , കണ്ണൂർ ജില്ലകളിൽ 3D വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 3G അവാർഡുകൾക്കുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ പ്രസ്തുത വിജ്ഞാപനത്തിനുള്ള നടപടി അന്തിമഘട്ടത്തിലാണെന്നും സ്ഥലമേറ്റെടുക്കൽ അനന്തമായി നീണ്ടുപോകുന്നത് നഷ്ടപരിഹാര ചെലവ് വർദ്ധിപ്പിക്കുമെന്നും എൻ.എച്ച്.എ.ഐ.-യുടെ സഹായമുണ്ടെങ്കിൽ പ്രവൃത്തി വേഗത്തിൽ സാക്ഷാത്കരിക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കരുവാറ്റ-തോട്ടപ്പള്ളി-പുറക്കാട് /അരൂർ-ചേർത്തല ഭാഗങ്ങളിൽ റീടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റ് റോഡുകൾ പാച്ച്‌വർക്കും റിപ്പെയർ ആന്റ്

മെയിന്റനൻസും നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും പാലക്കാട് - കോഴിക്കോട് ദേശീയപാത വികസനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5875 മുതൽ 6181 വരെയുള്ള ചോദ്യങ്ങളിൽ 102 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)